**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണം വകുപ്പ് - ജീവനക്കാര്യം - ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. ജിറ്റോ സി.ഡി. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത O.A നമ്പർ 1296/15 ൻമേലുള്ള ബഹു.ട്രിബ്യൂണലിന്റെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ) നം.**1188/2016/**തസ്വഭവ. തീയതി, തിരുവനന്തപുരം, **04/03/2016**

---

പരാമർശം :

1) സഉ(എം.എസ്) നമ്പർ 21/2011/P&ARD തീയതി. 01/07/2011.
2) സഉ(എം.എസ്) നമ്പർ 21/2013/P&ARD തീയതി. 23/07/2013
3) സഉ(എം.എസ്) നമ്പർ 179/2013/തസ്വഭവ തീയതി 15/05/2013
4) സർക്കാർ കത്ത് നമ്പർ 41073/EPA3/13/തസ്വഭവ തീയതി 17/05/2014.
5) സഉ(എം.എസ്) നമ്പർ 24/2013/P&ARD തീയതി. 29/08/2013.
6) 1296/15- ാം നമ്പർ ഒഎ യിൻ മേൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 04/08/2015 ലെ ഉത്തരവ്.

## ഉത്തരവ്

ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ. ജിറ്റോ. സി.ഡി. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ. എ നമ്പർ 1296/15 ൻ മേലുള്ള 04/08/2015 ലെ വിധിന്യായത്തിൽ അനക്സർ എ 15- നിവേദനത്തിൽ ഉന്നയിച്ചിരിക്കുന്ന വിഷയത്തിൽ ഒന്നാം കക്ഷിയായ സർക്കാർ ടിയാനെ നേരിൽ കേട്ടതിന് ശേഷം കോടതിവിധി കൈപ്പറ്റി 3 മാസത്തിനകം തീരുമാനമെടുക്കണമെന്ന് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം 6 പ്രകാരം ഉത്തരവായിരുന്നു.

പരാമർശം 4 ലെ സർക്കാർ കത്തിലെ തീരുമാനം പുനപരിശോധിക്കണമെന്ന ആവശ്യമാണ് അപേക്ഷകൻ അനക്സർ എ 15- നിവേദനത്തിൽ ഉന്നയിച്ചിരിക്കുന്നത്. തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്ത് ആഫീസിൽ പ്യൂൺ തസ്തികയിൽ ജോലി ചെയ്തുവരവെ 29/04/2011 ൽ മരണമടഞ്ഞ എ.ആർ വെറോനിക്കയുടെ മകൻ ശ്രീ. ജിറ്റോ.സിഡി യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പരാമർശം 3 ലെ സർക്കാർ ഉത്തരവ് പ്രകാരം ഓഫീസ് അറ്റൻഡൻറ് തസ്തികയിൽ നിയമനം നൽകിയിരുന്നു.

പഞ്ചായത്ത് ഡയറക്ടർ അപേക്ഷകന് ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലേയ്ക്കും തൃശ്ശൂർ ജില്ലാ കളക്ടർ ലാസ്റ്റ് ഗ്രേഡ് സെർവ്വൻറ് തസ്തികയിലേയ്ക്കുമുള്ള നിയമനത്തിനാണ് ശിപാർശ ചെയ്തിരുന്നത്. അപേക്ഷകൻ +2 അഥവാ തത്തുല്യ യോഗ്യത നേടാത്തതിനാൽ പരാമർശം 1 ലെ

ഉത്തരവു പ്രകാരം ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് യോഗ്യതയുള്ള ആളായിരുന്നില്ല. എന്നാൽ പിന്നീട് പരാമർശം 2 ലെ ഉത്തരവ് പ്രകാരം ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് വിവിധ വകുപ്പുകളിലെ വിശേഷാൽ ചട്ടങ്ങൾ ഭേദഗതി വരുത്തുന്നതുവരെ 01/07/2011 ലെ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ യോഗ്യത ബാധകമാക്കേണ്ടതില്ലെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പരാമർശം 3 ലെ ഉത്തരവ് പ്രകാരം ആശ്രിത നിയമനങ്ങൾക്കും സർക്കാർ ഉത്തരവ് ബാധകമാക്കിയെങ്കിലും ടി ഉത്തരവിലെ ഖണ്ഡിക 3 ൽ എൽ.ഡി. ക്ലാർക്കിന്റെ യോഗ്യതയില്ലെന്ന കാരണത്താൽ വിവിധ തസ്തികകളിൽ ജോലിയിൽ പ്രവേശിച്ചു കഴിഞ്ഞവർക്ക് ടി ഉത്തരവ് ബാധകമായിരിക്കില്ലെന്നും വ്യക്തമാക്കിയിരുന്നു.

പരാമർശത്തിലെ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ജിറ്റോ സി ഡി 16/07/2013 ൽ ഓഫീസ് അറ്റൻഡായി ജോലിയിൽ പ്രവേശിച്ചതിനാൽ ടിയാന്റെ നിയമനം പുന പരിശോധിച്ച് എൽ. ഡി. ക്ലാർക്കായി നിയമനം നൽകണമെന്ന ടിയാന്റെ ആവശ്യത്തിൻമേലുള്ള പരാമർശം 4 ലെ കത്തിലെ തീരുമാനം പുനപരിശോധിക്കണമെന്ന അനക്സർ എ 15 ലെ ആവശ്യം നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഓ. എ നമ്പർ 1296/15 ൻമേലുള്ള ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 04/08/2015 ലെ വിധിന്യായം ഇപ്രകാരം പാലിക്കപ്പെട്ടിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി. എസ്.**

**ഗവ. അണ്ടർ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം ( ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
ശ്രീ. ജിറ്റോ. സി.ഡി,ഓഫീസ്അറ്റൻഡന്റ്,ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്ത്.( ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖാന്തിരം)
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ